(ഡി) അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സി.എച്ച്.സി.യിലും വ്യത്യസ്ത എണ്ണം സ്റ്റാഫാണ് നിലവിലുള്ളത്.

(ഇ) വെച്ചൂച്ചിറ സി.എച്ച്.സി.യിൽ 3 ഡോക്ടർമാരും 4 സ്റ്റാഫ് നഴ്സും ഉൾപ്പെടെ 43 തസ്തികകൾ നിലവിലുണ്ട്.

(എഫ്) പദവി ഉയർത്തപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ജി) ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ തടസ്സങ്ങൾ

30 (6182) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെ പഠനമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ചികിത്സ നൽകി എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) "താരോഹം" പദ്ധതി പ്രകാരം 2010 മേയ് 31 വരെ സംസ്ഥാനത്ത് 428 പേർക്ക് സൗജന്യ ചികിത്സാ സഹായം ലഭിച്ചു. ഇതിനുവേണ്ടി 30.19 ലക്ഷം രൂപ ചെലവഴിച്ചു.

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

31 (6183) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അരൂർ എം. എൽ. എ. യുടെ ശുപാർശ പ്രകാരം 2006-2010 കാലയളവിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും ആകെ എത്ര രൂപയാണെന്നും വർഷം തിരിച്ചു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly